(ബി) 27-1-2005-ലെ കണക്കു പ്രകാരം കൊല്ലം ജില്ലയിൽ 22 ക്യാമ്പുകളിലായി 16,609 പേരും, ആലപ്പുഴയിൽ 8 ക്യാമ്പുകളിലായി 8,632 പേരും താമസിക്കുന്നു.

(സി) പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് ക്യാമ്പുകളിൽ വച്ചു തന്നെ അപേക്ഷ വാങ്ങി പുതിയ പുസ്തകം, നോട്ടുബുക്ക്, യൂണിഫോം എന്നിവ വിതരണം ചെയ്യാൻ ഉത്തരവ് ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇപ്പോഴത്തെ തീരുമാനപ്രകാരം 2005 മേയ് പതിനഞ്ചോടുകൂടി സ്ഥിരമായ വീടുകൾ വച്ചു നൽകാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്.

സർക്കാരിതര സംഘടനകൾ സ്വരൂപിക്കുന്ന ദുരിതാശ്വാസ നിധിയുടെ കണക്ക്.

*30 [30] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാരിതര സംഘടനകൾ ദുരിതാശ്വാസനിധി രൂപീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിതര സംഘടനകൾ സ്വരൂപിക്കുന്ന ദുരിതാശ്വാസ നിധിയുടെ യഥാർഥ കണക്ക് ശേഖരിക്കുവാൻ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് വ്യക്തമാക്കുമോ;

(സി) ഇങ്ങനെ സ്വരൂപിക്കുന്ന ദുരിതാശ്വാസനിധി യഥാർത്ഥ ദുരിതബാധിതർക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സർക്കാർ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അത് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) ഉണ്ട്.

(ബി ആന്റ് സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി പത്രമാദ്ധ്യമങ്ങൾ ഉൾപ്പെടെയുള്ളവർ പിരിച്ചെടുക്കുന്ന തുകകളെ സംബന്ധിച്ച് അവർ ശരിയായ കണക്കുകൾ സൂക്ഷിക്കുകയും സമാഹരിച്ച തുക എങ്ങനെ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുകയും ചെയ്യേണ്ടതാണ് എന്ന അഭിപ്രായമാണ് സർക്കാരിനുള്ളത്. ദുരിതാശ്വാസം സംബന്ധിച്ച അനധികൃത പിരിവുകൾ ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly